# കേരള സർവകലാശാല

നം.പി.ആർ.128/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

**ഒന്നാം വർഷ ബിരുദ പ്രവേശനം – 2019 – മാനേജ്മെന്റ് ക്വാട്ട ലിങ്ക്**

2019-20 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള മാനേജ്മെന്റ് ക്വാട്ട രജിസ്ട്രേഷൻ ലിങ്ക് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒരു പ്രാവശ്യം ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും രജിസ്ട്രേഷൻ നടത്തേണ്ടതില്ല. ആദ്യത്തെ ഓൺലൈൻ രജിസ്ട്രേഷന്റെ പ്രിന്റൗട്ട് തന്നെ മാനേജ്മെന്റ് ക്വാട്ട പ്രവേശനത്തിനും ഉപയോഗിക്കാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു ഓൺലൈൻ രജിസ്ട്രേഷൻ മതിയാകും.

## ടൈംടേബിൾ

2019 ജൂൺ 27-ാം തീയതി ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫലം

2019 ഫെബ്രുവരിയിൽ നടന്ന മൂന്നും നാലും സെമസ്റ്റർ ബി.ബി.എ (വിദൂര വിദ്യാഭ്യാസം) സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദമായ പരീക്ഷാഫലം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും ലഭ്യമാണ്. പുനർ മൂല്യ നിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 20.

2019 ജനുവരിയിൽ നടത്തിയ PGDCJ (പി.ജി ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേഷൻ & ജേണലിസം) സപ്ലിമെന്ററി (S.D.E) പരീക്ഷാഫലം വെബ്സൈറ്റിൽ ലഭ്യമാണ്.

2019 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ എം. ടെക്, 2013 സ്കീം സപ്ലിമെന്ററി (EEE – തിസിസ് & വൈവ വോസി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2019 ജനുവരി മാസത്തിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി. എസ്.എസ് സ്ട്രീം) ആൻഡ് ഓൾഡ് സ്കീം മേഴ്സി ചാൻസ് ഡിഗ്രി പരീക്ഷയുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 2019 ജൂലൈ 12 വരെ അപേക്ഷിക്കാവുന്നതാണ്.

## ഹോസ്റ്റൽ പ്രവേശനം

കേരള സർവകലാശാലയുടെ പഠന വകുപ്പുകളിലെ ഒന്നാം വർഷ പി. ജി വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് കാര്യവട്ടത്തെ സർവകലാശാല പുരുഷ/വനിതാ ഹോസ്റ്റലുകളിലേയ്ക്ക് പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി ക്ഷണിച്ചുകൊള്ളുന്നു. പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിലും നിലവിലുള്ള ഹോസ്റ്റൽ പ്രവേശന നിയമങ്ങളും അനുസരിച്ചായിരിക്കും. ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി മാത്രമേ സ്വീകരിക്കുകയുള്ളു. വിദ്യാർത്ഥികൾക്ക് പഠന വകുപ്പുകളിൽ പ്രവേശനം ലഭിക്കുന്ന തീയതി മുതൽ http://hostel.keralauniversity.ac.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപേക്ഷ പൂരിപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ടീച്ചിംഗ് പ്രാക്ടീസ് പരീക്ഷ

2018 ഡിസംബറിൽ നടന്ന 1-ാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷകളുടെ ഭാഗമായുള്ള ടീച്ചിംഗ് പ്രാക്ടീസ് പരീക്ഷ ജൂലൈ 8ന് മാർ ഗ്രിഗോറിയസ് കോളേജ് ഓഫ് ലോയിലും, ജൂലൈ 9ന് ഗവ. ലോ കോളേജിലും, ജൂലൈ 10ന് കേരള ലോ അക്കാഡമി, ലോ കോളേജിലും രാവിലെ 9 മണി മുതൽ നടത്തപ്പെടുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ

## പരീക്ഷാഫീസ്

പത്താം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം – റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ രജിസ്ട്രേഷൻ ജൂൺ 19 ന് ആരംഭിക്കുന്നതാണ്. പിഴയില്ലാതെ ജൂൺ 26 വരെയും 50 രൂപ പിഴയോടുകൂടി ജൂൺ 28 വരെയും 125 രൂപ പിഴയോടുകൂടി ജൂലൈ 1 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദ വിവരം വെബ്സൈറ്റിൽ.

ജൂലൈ 24 ന് ആരംഭിക്കുന്ന അഞ്ചും ആറും സെമസ്റ്റർ ബി.ബി.എ (വിദൂര വിദ്യാഭ്യാസം) സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ ജൂൺ 24 വരെയും 50 രൂപ പിഴയോടെ ജൂൺ 27 വരെയും 125 രൂപ പിഴയോടെ ജൂൺ 29 വരെയും ഫീസടച്ചു രജിസ്ട്രേഷൻ ചെയ്യാം. അപേക്ഷാ ഫീസിനോടൊപ്പം 100 രൂപ മാർക്ക് ലിസ്റ്റിനും 200 രൂപ മൂല്യനിർണ്ണയ ക്യാമ്പ് ഫീസായും അടക്കേണ്ടതാണ്.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഓരോ പരീക്ഷാ കേന്ദ്രങ്ങൾ മാത്രമേ ഉണ്ടാകുകയു ള്ളു.

രണ്ടാം സെമസ്റ്റർ എം. വി.എ (പെയിൻറിംഗ്) പരീക്ഷകൾ 2019 ജൂലൈ 1ന് ആരംഭിക്കുന്നതാണ്. പിഴകൂടാതെ ജൂൺ 19 വരെയും 50 രൂപ പിഴയോടെ ജൂൺ 21 വരെയും 125 രൂപ പിഴയോടുകൂടി ജൂൺ 24 വരെയും അപേക്ഷിക്കാവുന്നതാണ്.

രണ്ടാം സെമസ്റ്റർ ബി. ഡെസ്സ് പരീക്ഷ 2019 ജൂലൈ 4 നും, നാല്, ആറ് സെമസ്റ്റർ ബി. ഡെസ്സ് പരീക്ഷകൾ 2019 ജൂലൈ 1 നും ആരംഭിക്കുന്നതാണ്. പിഴകൂടാതെ ജൂൺ 20 വരെയും 50 രൂപ പിഴയോടുകൂടി ജൂൺ 22 വരെയും 125 രൂപ പിഴയോടുകൂടി ജൂൺ 24 വരെയും അപേക്ഷിക്കാവുന്നതാണ് വിശദവിവരം വെബ്സൈറ്റിൽ.

ഒമ്പതാം സെമസ്റ്റർ ബി.ആർക്ക് സപ്ലിമെൻററി (2013 സ്കീം) പരീക്ഷയുടെ രജിസ്ട്രേഷൻ ജൂൺ 20 ന് ആരംഭിക്കുന്നതാണ്.പിഴയില്ലാതെ ജൂൺ 27 വരെയും 50 രൂപ പിഴയോടുകൂടി ജൂൺ 29 വരെയും 125 രൂപ പിഴയോടുകൂടി ജൂലൈ 2 വരെയും അപേക്ഷിക്കാവുന്നതാണ് വിശദവിവരം വെബ്സൈറ്റിൽ .

## പരീക്ഷാ കേന്ദ്രം

അഞ്ചാം സെമസ്റ്റർ ബി. ടെക് (2013 സ്കീം) മാർച്ച്/ഏപ്രിൽ 2019 (സപ്ലിമെന്ററി) കംപ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് ബ്രാഞ്ച്, 2019 ജൂൺ 10, 11 തീയതി കളിൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്ത് നടത്താനിരുന്ന പ്രാക്ടിക്കൽ പരീക്ഷ കൾ 2019 ജൂൺ 17, 19 തീയതികളിലേയ്ക്ക് മാറ്റിയിരിക്കുന്നു. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല. ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ച് (2013 സ്കീം - പവർ ഇല ക്ട്രോണിക്സ് ലാബ്) പരീക്ഷയ്ക്ക് റ്റി. കെ. എം എഞ്ചിനീയറിംഗ് കോളേജ്, കൊല്ലം, വടക്കേവിള യൂനുസ് കോളേജ്, രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി), യു. കെ. എഫ് കോളേജ്, കൊല്ലം വലിയ കൂനമ്പായിക്കുളം എഞ്ചിനീയറിംഗ് കോളേജ് എന്നീ സെന്ററുകളിൽ രജി സ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ 19.06.2019 ന് കൊല്ലം റ്റി. എം. കെ എഞ്ചിനീയറിംഗ് കോളേ ജിൽ ഹാജരാകേണ്ടതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ഗ്രേസ് മാർക്ക്

സി.ബി.സി.എസ് സമ്പ്രദായത്തിലുള്ള ഡിഗ്രി കോഴ്സുകൾക്ക് എൻ. സി. സി പ്രവർത്തന ങ്ങൾക്കുള്ള ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച നിയമങ്ങളിൽ അക്കാഡമിക് വർഷം 2018 19 മുതൽ ഭേദഗതി നടപ്പിലാക്കുന്നതാണ്. പ്രസ്തുത സർവകലാശാല ഉത്തരവിന്റെ പകർപ്പ് വെബ്സൈറ്റിൽ ലഭ്യമാണ്.

## ബിരുദ/ ബിരുദാനന്തര ബിരുദ ക്ലാസ്സുകൾ

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദ ക്ലാസ്സുകൾ ജൂൺ 24-ാം തീയതിയും, ബിരുദാനന്തര ബിരുദ ക്ലാസ്സുകൾ ജൂൺ 17-ാം തീയതിയും ആരംഭിക്കുന്നതാണ്.

## പ്രാക്ടിക്കൽ പരീക്ഷ

2018 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി. പി. എ മൃദംഗം പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2019 ജൂൺ 25 മുതൽ 27 വരെ ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നു. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## സീറ്റ് ഒഴിവ്

സർവകലാശാലയുടെ കാര്യവട്ടത്തെ ബിരുദാന്തര ബിരുദ പഠന വകുപ്പുകളിൽ എസ്.സി വിഭാഗത്തിൽ മ്യൂസിക്, എം.കോം, ഡെമോഗ്രഫി, , ആക്ചുറിയൽ സയൻസ്, സൈക്കോളജി, മാത്തമാറ്റിക്സ്, സംസ്കൃതം, കംപ്യൂട്ടേഷണൽ ബയോളജി, കേരളസ്റ്റഡിസ് ആന്റ് മീഡിയ സ്റ്റഡീസ്, അറബിക്, ഫിലോസഫി, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, ഡേറ്റ സയൻസ്, ലിംഗ്വിസ്റ്റിക്സ്, തമിഴ്, ജർമൻ, റഷ്യൻ, എഡ്യൂക്കേഷൻ എന്നീ കോഴ്സുകൾക്കും എസ്.ടി വിഭാഗത്തിൽ മ്യൂസിക്, ഇന്റഗ്രേറ്റീവ് ബയോളജി, ബയോ ഡൈവേഴ്സിറ്റി കൺസർവേഷൻ, ഫിസിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഡേറ്റ അനലിറ്റിക്സ്, കൊമേഴ്സ്, ഡെമോഗ്രഫി, ആക്ചുറിയൽ സയൻസ്, എം. സി.ജെ, സൈക്കോളജി, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ്, ഇംഗ്ലീഷ്, സംസകൃതം, ബയോകെമിസ്ട്രി, ബയോടെക്നോളജി, കംപ്യൂട്ടേഷണൽ ബയോളജി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, പൊളിറ്റിക്കൽ സയൻസ്, ജിയോളജി, കേരളസ്റ്റഡീസ് ആന്റ് മീഡിയ സ്റ്റഡീസ്, അറബിക്, ഫിലോസഫി, ആർക്കിയോളജി, എം.കോം (ഗ്ലോബൽ ബിസിനസ് ഓപ്പറേഷൻസ്), എക്കണോമിക്സ്, ഇസ്ലാമിക് ഹിസ്റ്ററി, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, ഡേറ്റ സയൻസ്, ഹിന്ദി, ലിംഗ്വിസ്റ്റിക്സ്, തമിഴ്, ജർമൻ, റഷ്യൻ, എഡ്യൂക്കേഷൻ എന്നീ കോഴ്സുകൾക്ക് സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂൺ 17ന് 10.00 മണിയ്ക്ക് അതത് പഠനവകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
15-06-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**